LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 'കോവിഡ്-19' വ്യാപന പശ്ചാത്തലത്തിൽ സ്കൂളുകൾ തുറന്ന് പ്രവർത്തിക്കാത്തതിനാൽ സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണ പാചകത്തൊഴിലാളികൾക്ക് 13-10-2020 മുതൽ പ്രതിമാസം 1,600 രൂപ സമാശ്വാസമായി നൽകിവരുന്നു.

വടകര നിയോജകമണ്ഡലത്തിലെ അൺ എക്കണോമിക് സ്കൂളുകൾ

180 (790) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര നിയോജകമണ്ഡലത്തിലെ അൺ എക്കണോമിക് കാറ്റഗറിയിലുൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ എണ്ണം എത്രയാണ്; ഇവ ഓരോന്നും സ്ഥിതി ചെയ്യുന്നത് ഏത് തദ്ദേശസ്ഥാപനത്തിന്റെ പരിധിയിലാണെന്ന വിവരം ലഭ്യമാക്കുമോ?

വടകര നിയോജകമണ്ഡലത്തിൽ മതിയായ എണ്ണം കുട്ടികളില്ലാത്ത (അൺ എക്കണോമിക്) കാറ്റഗറിയിലുൾപ്പെടുത്തിയ വിദ്യാലയങ്ങളുടെ എണ്ണം - 37. ഇവ സ്ഥിതിചെയ്യുന്ന തദ്ദേശസ്ഥാപനങ്ങൾ താഴെപ്പറയുന്നു :

വടകര മുൻസിപ്പാലിറ്റി	18
ചോറോട് പഞ്ചായത്ത്	6
ഏറാമല പഞ്ചായത്ത്	5
ഒഞ്ചിയം പഞ്ചായത്ത്	2
അഴിയൂർ പഞ്ചായത്ത്	4
എടച്ചേരി പഞ്ചായത്ത്	2
ആകെ	37

(ബി) നിലവിൽ ഈ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെയും അദ്ധ്യാപകരുടെയും എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ?

വിശദാംശങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഓരോ സ്കൂളുകളിലെയും സ്ഥിര അദ്ധ്യാപകരുടെയും ദിവസവേതന അദ്ധ്യാപകരുടെയും എണ്ണം തരംതിരിച്ചു ലഭ്യമാക്കുമോ?

വിവരങ്ങളടങ്ങിയ ലിസ്റ്റ് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്.*

(ഡി) ഈ വിദ്യാലയങ്ങളിൽ ദിവസവേതന വ്യവസ്ഥയിൽ ജോലി ചെയ്തു വരുന്ന അദ്ധ്യാപകർക്ക് കോവിഡ് മഹാമാരിയുടെ കാലത്ത് സർക്കാർ സമാശ്വാസ പദ്ധതികളെന്തെങ്കിലും നടപ്പാക്കുകയുണ്ടായോ; വിശദാംശം നൽകുമോ ?

26-2-21-ലെ സ.ഉ. (സാധാ) നമ്പർ 1957/21/പൊ.വി.വ. പ്രകാരം ജനുവരി 2021 മുതൽ മാർച്ച് 2021 വരെയുള്ള വേതനം നൽകിയിട്ടുണ്ട്.

പൊതുവിദ്യാലയങ്ങളിലെ ഓൺലൈൻ പഠനം

181 (791) ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. എസ്. അരുൺ കുമാർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഓൺലൈൻ പഠനത്തിന് ഏകീകൃത പ്ലാറ്റ്ഫോം സജ്ജമാക്കിയിട്ടുണ്ടോ; ഇതുവഴി ലക്ഷ്യമാക്കുന്ന നേട്ടങ്ങളും സവിശേഷതകളും അറിയിക്കാമോ?

ഉണ്ട്. കുട്ടികൾക്ക് നേരിട്ട് അവരുടെ അദ്ധ്യാപകരുമായി സംവദിക്കാൻ കഴിയുന്നതരത്തിൽ Google Workspace for Education (ജി സ്യൂട്ട് ഫോർ എഡ്യൂക്കേഷൻ പ്ലാറ്റ്ഫോം) ഔദ്യോഗികമായി ഉപയോഗിക്കുന്നതിനുള്ള ധാരണാപത്രം ഗൂഗിൾ ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡുമായി ഒപ്പുവച്ചു. സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനായി ഗൂഗിൾ ലഭ്യമാക്കുന്ന ജി-സ്യൂട്ട് ഉപയോഗിക്കുന്നതുകൊണ്ട് താഴെപ്പറയുന്ന പ്രത്യേകതകളുണ്ട്.

പ്രത്യേക ഡൊമൈൻ

അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇതിനായി പ്രത്യേക ഐ.ഡി. വ്യക്തിഗത വിവരങ്ങൾ ഷെയർ ചെയ്യുന്നില്ല, (ഡാറ്റാ സുരക്ഷ).

ഗൂഗിൾ

ക്ലാസ് റൂമിനകത്തുതന്നെ ഗൂഗിൾ മീറ്റ് സൗകര്യം. ഗൂഗിൾ മീറ്റ് ഉപയോഗിക്കുമ്പോൾ പുറമെനിന്നുള്ള നുഴഞ്ഞുകയറ്റം സാധ്യമല്ല. ഇൻവൈറ്റ് ചെയ്യുന്നവർക്ക് നേരിട്ട് മീറ്റിൽ പ്രവേശിക്കാം.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.